WEDNESDAY 21-09-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/09/2022.

1. പി.എം.കിസാൻ പദ്ധതി ഗുണഭോക്താക്കൾ കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിൽ (www.aims.kerala.gov.in) സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ സെപ്റ്റംബർ 30-നുള്ളിൽ ചേർക്കേണ്ടതാണ്. www.aims.kerala.gov.in പോർട്ടലിൽ കർഷകർ ലോഗിൻ ചെയ്ത് സ്വന്തം പേരിലുള്ള കൃഷിഭൂമിയുടെ വിവരങ്ങൾ ചേർത്ത് ReLIS പരിശോധന പൂർത്തിയാക്കി അപേക്ഷ ഓൺലൈനായി കൃഷിഭവനിലേക്ക് സമർപ്പിക്കുക. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ നിലവിൽ, റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ ചേർത്തിട്ടില്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി.എം.കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുമ്പായി നേരിട്ട് PM-KISAN പോർട്ടൽ വഴിയോ, അക്ഷയ/ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ/ സമീപത്തുള്ള കൃഷിഭവൻ വഴിയോ e-KYC യും പൂർത്തിയാക്കേണ്ടതാണ്. e-KYC പൂർത്തിയാക്കുന്നതിന് www.pmkisan.gov.in പോർട്ടലിൽ ഫാർമേഴ്സ് കോർണർ മെനുവിൽ e-KYC ലിങ്ക് ക്ലിക്ക് ചെയ്ത് വിവരങ്ങൾ നൽകുക. കർഷകരുടെ മൊബൈലിൽ ലഭ്യമാകുന്ന ഒ.ടി.പി നൽകി e-KYC നടപടികൾ പൂർത്തിയാക്കാം. ആധാർ നമ്പരിൽ ലഭ്യമായിട്ടുള്ള മൊബൈൽ നമ്പരിലേക്കാണ് ഒ.ടി.പി ലഭ്യമാകുന്നത്. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800-425-1661** ലോ പി. എം. കിസാൻ സംസ്ഥാന ഹെൽപ്പ് ഡെസ്ക് നമ്പരായ **0471 2964022, 2304022** ലോ അടുത്തുള്ള കൃഷഭവനുമായോ ബന്ധപ്പെടുക. സമയപരിധിക്കുള്ളിൽ പോർട്ടലിൽ വിവരങ്ങൾ നൽകാത്ത ഗുണഭോക്താക്കൾക്ക് തുടർന്ന് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

2. 2020, 2021 വർഷങ്ങളിൽ റബ്ബർ കൃഷിചെയ്തവർക്ക് ധനസഹായം കിട്ടുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (സെപ്റ്റംബർ 21) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് സിസ്റ്റംസ് ഓഫീസർ മറുപടി പറയും. **0481 2576622** എന്നതാണ് കോൾ സെന്റർ നമ്പർ .

3. **കഠിനംകുളം** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്‌പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്നു മുതൽ ഈ മാസം 30 വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയ്ക്ക് വാക്സിനേഷൻ ചാർജ്ജ് മുപ്പത് രൂപയും ലൈസൻസ് ചാർജ്ജ് പത്ത് രൂപയുമാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

4. **മാറനല്ലൂർ** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്‌പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്നു മുതൽ ഈ മാസം 27 വരെ (സെപ്റ്റംബർ 27) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പിൽ കൊണ്ടുവരാൻ സാധിക്കാത്ത നായ്ക്കളെ ഈ മാസം 28 –ന് (സെപ്റ്റംബർ 28) ആശുപത്രിയിൽ കൊണ്ടുവന്ന് വാക്സിനേഷൻ എടുക്കാവുന്നതാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു.

5. തിരുവനന്തപുരം ജില്ലയിൽ വിവിധ ബ്ലോക്കുകളിലേക്ക് രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം പദ്ധതിയുടെ ഭാഗമായി വെറ്ററിനറി സർജൻമാരെ താൽക്കാലിക അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി നാളെ (22.09.2022 ന്) രാവിലെ 10.30 മണിക്ക് വെറ്ററിനറി സർജൻമാരുടെ വാക്ക്-ഇൻ- ഇന്റർവ്യൂ തമ്പാനൂർ എസ്. എസ് കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വച്ച് നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ (കെ എസ് വി സി) രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. ഇന്റർവ്യൂവിന് പങ്കെടുക്കുമ്പോൾ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും, പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2330736** എന്ന നമ്പറിൽ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

6. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കരാർ ഫാമുകൾ വഴി വളർത്തിയെടുത്ത് 40 മുതൽ 45 ദിവസം പ്രായമുള്ള ശരാശരി രണ്ട് കിലോ തൂക്കമുള്ളതുമായ ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **949500915, 0471 2478585, 2468585** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ ചേർന്ന് നടപ്പാക്കുന്ന തെരുവ് നായ നിയന്ത്രണ, പേവിഷബാധ നിർമാർജ്ജന നടപടികളോട് ചേർന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ വിവിധ ക്യാമ്പസുകളോടനുബന്ധിച്ച പ്രദേശങ്ങളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ബോധവൽക്കരണം, പ്രതിരോധ കുത്തിവെയ്പ് ഉൾപ്പെടെയുള്ള മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന് പൂക്കോട് വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് അറിയിച്ചു.

## പരിശീലന പരിപാടികൾ

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (സെപ്റ്റംബർ 22) രാവിലെ 11 മണിക്ക് **കുരുമുളക് ഇനങ്ങളും പ്രവർദ്ധന രീതികളും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെൻററിൽ വെച്ച് **ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്** എന്ന വിഷയത്തിൽ ഈ മാസം **26, 27, 28** (സെപ്റ്റംബർ 26,27,28) തീയതികളിൽ ത്രിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ **0487-2370773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഈ പഠനകേന്ദ്രം **തേനീച്ചവളർത്തൽ** എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന മാസിവ് ഓപ്പൺ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് ഈ മാസം 22 ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ഇന്നാണ് (സെപ്റ്റംബർ 21). ഫൈനൽ പരീക്ഷ പാസാകുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. http://www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ക്ലാസുകളിൽ പങ്കെടുക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് നാളെ മുതൽ 24 വരെ (സെപ്റ്റംബർ 22 മുതൽ 24) ക്ഷീരസംഘം ലാബ്അസിസ്റ്റന്റ്/പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർക്കുള്ള ത്രിദിന പരിശീലന പരിപാടി നടത്തുന്നു. പ്രവേശന ഫീസ് 20 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0495 2414579** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം സെപ്റ്റംബർ 26 മുതൽ 30 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം